**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3861** **27-06-2024 - ൽ മറുപടിയ്ക്ക്**

**മിൽമയുടെ ഭരണഭാഷ മലയാളമാക്കാനും വിവരാവകാശ നിയമം 2005 നടപ്പാക്കാനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (മിൽമ) എന്ന സ്ഥാപനത്തിൽ വിവരാവകാശ നിയമം 2005 നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിൽ വിവരാവകാശ നിയമം നടപ്പാക്കാത്തതിനുള്ള കാരണമെന്തെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ഇൻഡ്യൻ സുപ്രീം കോടതിയുടെ 2013 ലെ സിവിൽ അപ്പീൽ നമ്പർ 9017 മേലുള്ള ജഡ്ജ്മെന്റ് അനുസരിച്ച് കേരള സഹകരണ നിയമം 1969 പ്രകാരം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ വിവരാവകാശ നിയമം സെക്ഷൻ 2 (എച്ച്) ൽ നിർവചിച്ചിട്ടുള്ള "പബ്ലിക് അതോറിറ്റി" എന്ന ഗണത്തിൽ ഉൾപ്പെടുകയില്ല. ഈ വിധിയുടെ അടിസ്ഥാനത്തിൽ മിൽമ എന്ന സഹകരണ സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരികയില്ല. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഇംഗ്ലീഷ് ഭാഷയിലാണോ; എങ്കിൽ ഭരണഭാഷ മലയാളമാണെന്ന സർക്കാർ പ്രഖ്യാപനത്തിനു ശേഷവും പ്രസ്തുത സ്ഥാപനത്തിൽ ഇംഗ്ലീഷ് ഭാഷയിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്ന ഉത്തരവുകൾ, വിജ്ഞാപനങ്ങൾ, സർക്കുലറുകൾ, മറ്റ് അറിയിപ്പുകൾ എന്നിവ പരമാവധി മലയാളത്തിലാണ് പ്രദർശിപ്പിച്ചിരിക്കുന്നത്. കേരള സർക്കാരുമായും വിവിധ വകുപ്പുകളുമായുമുള്ള കത്തിടപാടുകൾ, ഫെഡറേഷൻ ഭരണസമിതി യോഗങ്ങളിലേയ്ക്കുള്ള കുറിപ്പുകൾ, ഓഫീസ് നോട്ടുകൾ, മിനിട്ട്സുകൾ തുടങ്ങിയവയെല്ലാംതന്നെ മലയാളത്തിലാണ് കൈകാര്യം ചെയ്തുവരുന്നത്. എന്നാൽ കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷന്റെ പ്രവർത്തനങ്ങൾ പാലിന്റെ സംഭരണവും പാലിന്റെയും പാലുല്പന്നങ്ങളുടെയും വിതരണവുമായി ബന്ധപ്പെട്ടതായതിനാൽ കേരളത്തിനു പുറത്തേയ്ക്കുള്ള വിവിധ ഏജൻസികളിലേയ്ക്കുള്ള കത്തിടപാടുകളും, ടെൻഡറുകൾ, ഇ-ടെൻഡറുകൾ, കോടതി വ്യവഹാരങ്ങൾ എന്നിവയും മലയാളത്തിലാക്കുന്നത് പ്രായോഗികമല്ല. കൂടാതെ, ഫെഡറേഷനിലെ വിവിധ വിഭാഗങ്ങളുടെ എഴുത്തുകുത്തുകൾ അന്യസംസ്ഥാനങ്ങളുമായും കേന്ദ്രസർക്കാരുമായും ദേശീയ ക്ഷീരവികസന ബോർഡുമായും ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | കിടക്കുന്നതിനാലും അപ്രകാരമുള്ള ഫയലുകൾ ഇംഗ്ലീഷിൽത്തന്നെ കൈകാര്യം ചെയ്തുവരുന്നു. |
| (സി) | മിൽമയുടെ ഭരണഭാഷ മലയാളമാക്കുന്നതിനും വിവരാവകാശ നിയമം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | 2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് പ്രകാരം ഏകദേശം 55 ശതമാനത്തോളം ഫയലുകൾ ഫെഡറേഷനിൽ മലയാളത്തിൽ കൈകാര്യം ചെയ്തു വരുന്നുണ്ട്. ആയതിനാൽ കേരളത്തിനു പുറത്തേക്കുള്ള വിവിധ ഏജൻസികളിലേക്കുള്ള കത്തിടപാടുകളും, ടെൻഡറുകൾ, ഇ-ടെൻഡറുകൾ, കോടതി വ്യവഹാരങ്ങൾ എന്നിവയും കേന്ദ്രസർക്കാരുമായും ദേശീയ ക്ഷീരവികസന ബോർഡുമായും ബന്ധപ്പെട്ട ഫയലുകൾ ഒഴികെ മലയാള ഭാഷയിലായിരിക്കേണ്ട എല്ലാ കത്തിടപാടുകളും അപ്രകാരം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്.<br><br>ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മിൽമ എന്ന സഹകരണസ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരികയില്ല. |

സെക്ഷൻ ഓഫീസർ